പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ.*85

10.06.2019 -ലെ മറുപടിയ്ക്ക്

# തോട്ടം മേഖലയുടെ പുനരുജ്ജീവനത്തിന് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.എ.പി. അനിൽ കുമാർ<br>ശ്രീ.പി.ടി. തോമസ് : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) തോട്ടം മേഖലയുടെ പുനരുജ്ജീവനത്തിന് ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ വ്യക്തമാക്കുമോ; | എ) തോട്ടം മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിൻമേൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റിയുടെ ശുപാർശകൾ പരിഗണിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) റബ്ബർ മരം മുറിച്ചുമാറ്റുമ്പോൾ ഈടാക്കിയിരുന്ന സീനിയറേജ് വേണ്ടെന്ന് വച്ചിട്ടുണ്ടോ; പ്രസ്തുത ഇളവ് നൽകിയത് ഹാരിസൺ മുതലായ വൻകിട തോട്ടം മുതലാളിമാരെ സഹായിക്കുവാൻ വേണ്ടിയായിരുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ;<br><br>സി) ഈ ഇളവുമൂലം പ്രസ്തുത കമ്പനിയ്ക്ക് ലാഭമുണ്ടായതായി അറിവുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | ബി)& സി) റീ പ്ലാന്റേഷനുവേണ്ടി റബ്ബർ മരം മുറിച്ചുമാറ്റുമ്പോൾ ഈടാക്കി വരുന്ന സീനിയറേജ് ഒഴിവാക്കി കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്.<br><br>പ്രസ്തുത ഇളവ് നൽകിയത് ഹാരിസൺ മുതലായ വൻകിട തോട്ടം മുതലാളിമാരെ സഹായിക്കുവാൻ വേണ്ടിയായിരുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഡി) തോട്ടം തൊഴിലാളികളെ ഇ.എസ്.ഐ. പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; അവർക്ക് ആയുഷ്മാൻ ഭാരത് പദ്ധതി പ്രകാരമുള്ള ഇൻഷുറൻസ് ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടോ എന്ന് അറിയിക്കാമോ? | ഡി) തോട്ടം തൊഴിലാളികളെ ഇ.എസ്.ഐ പദ്ധതിയിൽ ഉൾപ്പെടുത്തുന്നകാര്യം സർക്കാരിന്റെ പരിഗണനയിലാണ്. പ്ലാന്റേഷൻ ലേബർ ആക്ട് ബാധകമായ തോട്ടങ്ങളിലെ തൊഴിലാളികൾക്ക് ആയുഷ്മാൻ ഭാരത് പദ്ധതി പ്രകാരമുള്ള ഇൻഷുറൻസ് ആനുകൂല്യങ്ങൾക്ക് അർഹതയില്ല. |

Sreeja

സെക്ഷൻ ഓഫീസർ

**അനുബന്ധം**

1 കേരളത്തിൽ പ്ലാന്റേഷൻ ടാക്സ് ഒഴിവാക്കുന്നതിന് തീരുമാനിച്ചു.

2 കാർഷികാദായ നികുതി പൂർണ്ണമായും. ഒഴിവാക്കുന്നതിന് തീരുമാനിച്ചു.

3 തോട്ടങ്ങളിൽ എല്ലാ ലയങ്ങളും കെട്ടിട നികുതിയിൽ നിന്നും ഒഴിവാക്കുന്നതിന് തീരുമാനിച്ചു.

4 റീ പ്ലാന്റേഷനുവേണ്ടി റബ്ബർ മരം മുറിച്ചുമാറ്റുമ്പോൾ ഈടാക്കിവരുന്ന സീനിയറേജ് തുക പൂർണ്ണമായി ഒഴിവാക്കി കൊണ്ട് 27/06/2018-ലെ സ.ഉ.(കൈ)24/18/വനം നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

5 സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട പദ്ധതിയിൽ ഉൾപ്പെടുത്തി തൊഴിലാളികൾക്ക് ആവശ്യമായ വാസഗൃഹങ്ങൾ നിർമ്മിക്കേണ്ടതാണെന്ന് തീരുമാനിച്ചു.

6 തോട്ടം തൊഴിലാളികൾക്ക് ഇ.എസ്.ഐ സ്കീം ബാധകമാക്കുന്നതിനുള്ള നിയമ ഭേദഗതി സർക്കാരിന്റെ പരിഗണനയിലാണ്.

7 പാട്ടക്കാലാവധി അവസാനിക്കുന്ന മുറയ്ക്ക് തോട്ടങ്ങളുടെ പാട്ടംപുതുക്കി നിശ്ചയിക്കുന്ന വിവരം റവന്യൂ നിയമ വകുപ്പുകളുടെ പരിഗണനയിലാണ്.

8 കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് &മാനേജ്മെന്റ് ഓഫ് എക്കോളജിക്കലി ഫ്രൈജൈൽ) ആക്റ്റിന്റെ പരിധിയിൽ നിന്നും തോട്ടങ്ങളെ ഒഴിവാക്കികൊണ്ട് നടപടി സ്വീകരിച്ചു.

9 ഉപേക്ഷിക്കപ്പെട്ടതോ പ്രവർത്തന രഹിതമായി കിടക്കുന്നതോ ആയ തോട്ടങ്ങളുടെ ഭൂമി നിലവിലുള്ള ഭൂപരിഷ്കരണ നിയമ പ്രകാരം സർക്കാർ ഉടമസ്ഥതയിൽ ഏറ്റെടുക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കാൻ തീരുമാനിച്ചു.

10 തൊഴിലാളികളുടെ വേതന പരിഷ്കരണം കാലാകാലം നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

11 പ്ലാന്റേഷൻ മേഖലയുടെ പ്രശ്ന പരിഹാരത്തിന് പ്ലാന്റേഷൻ പോളിസി രൂപീകരിക്കുവാൻ തീരുമാനിച്ചു.

Sreedu.
**സെക്ഷൻ ഓഫീസർ**